**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2960** **18-03-2022 - ൽ മറുപടിയ്ക്ക്**

**2021-ലെ ഡാം സുരക്ഷാ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2021-ലെ കേന്ദ്ര ഡാം സുരക്ഷാ നിയമം കേരളത്തെ ഏത് രീതിയിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്തൊട്ടാകെയുള്ള ഡാമുകളുടെ സുരക്ഷയും അതിന് ആനുഷംഗികവുമായ മറ്റ കാര്യങ്ങളും വ്യവസ്ഥ ചെയ്യുന്നതിനായാണ് 2021-ലെ കേന്ദ്ര ഡാം സേഫ്റ്റി ആക്ട് (2021-ലെ 41-ാം കേന്ദ്ര ആക്ട്) 2021 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നത്. ടി കേന്ദ്ര നിയമപ്രകാരമുള്ള നികായങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. |
| (ബി) | പ്രസ്തുത നിയമത്തിൽ വിവക്ഷിക്കുന്നത് പ്രകാരം ദേശീയ ഡാം സേഫ്റ്റി കമ്മിറ്റി രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിലൊന്നായ മുല്ലപ്പെരിയാർ ഡാം പുതുക്കിപ്പണിയുക എന്ന ആവശ്യം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ ; ഇക്കാര്യത്തിൽ അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ സുരക്ഷയും താത്കാലിക ജലനിരപ്പ് ക്രമീകരണവും മേൽനോട്ടസമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാലും, ഇത് സംബന്ധിച്ച കേസ്സ് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്നതിനാലും സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം മാത്രമേ 2021-ലെ കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാം പുതുക്കി പണിയണമെന്ന ആവശ്യം പരിശോധനാ വിധേയമാക്കുന്നത്, വിലയിരുത്താൻ കഴിയുകയുള്ളൂ. ടി കേന്ദ്ര നിയമത്തിനോട് തമിഴ്നാട് എതിർപ്പ് അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമം നടപ്പിൽ വരുന്നതിനോട് എതിർപ്പ് അറിയിച്ചിട്ടുള്ള സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ? | (സി) | 2021-ലെ കേന്ദ്ര ഡാം സുരക്ഷ നിയമം സംസ്ഥാനങ്ങളുടെ പരമാധികാരത്തിന്മേലും, സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിൽ വരുന്ന ജലസ്രോതസ്സുകളുടെയും, ഡാമുകളുടെയും മേലുള്ള കടന്നുകയറ്റമാകുമെന്ന സംശയത്തിനാലും തമിഴ്നാട്, കർണ്ണാടക, ഒഡീസ എന്നീ സംസ്ഥാനങ്ങൾ ടി നിയമത്തിന്റെ കരട് പതിപ്പിനെതിരെ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. ദേശീയ ഡാം സുരക്ഷാ അതോറിറ്റി (National Dam Safety |

| | | | |
|---|---|---|---|
| | | | Authority) രൂപീകരിക്കപ്പെട്ടുമ്പോൾ വിവിധ സംസ്ഥാനങ്ങളുടെ പ്രത്യേക അധികാര പരിധിയിൽ ഉൾപ്പെടുന്ന ഡാമുകളുടെയും അന്തർ സംസ്ഥാനഡാമുകളുടെയും ജലസ്രോതസ്സുകളുടെയും മേൽനോട്ടവും നിയന്ത്രണവും പൂർണ്ണമായും ദേശീയ ഡാം സുരക്ഷാ അതോറിറ്റിയിൽ നിക്ഷിപ്തമാകുമോ എന്നിവ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാന സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ